## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3006 28-01-2014 -ൽ മറുപടിക്ക്

## കോഴിക്കോട് ജില്ലയിലെ റോഡുകളുടെ പുനരുദ്ധാരണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. ഇ.കെ.വിജയൻ** | | **ശ്രീ.അടൂർ പ്രകാശ്**<br>**(റവന്യൂവും കയറും വകുപ്പ് മന്ത്രി)** |
| എ) | കോഴിക്കോട് ജില്ലയിൽ 2013-2014 വർഷത്തിൽ പ്രകൃതിദുരന്തം മൂലം തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിനു വേണ്ടി എന്തു തുക അനുവദിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ; | എ) | കോഴിക്കോട് ജില്ലയിൽ 2013-14 വർഷത്തിൽ പ്രകൃതി ദുരന്തംമൂലം തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിനുവേണ്ടി 11,52,50,000/- (പതിനൊന്ന് കോടി അമ്പത്തിരണ്ട് ലക്ഷത്തി അമ്പതിനായിരം രൂപാ മാത്രം) രൂപയുടെ ഭരണാനുമതി അനുവദിച്ച നൽകിയിട്ടുണ്ട്. 2013-14 ൽ ഇതുവരെയായി 3,05,98,309/- (മൂന്ന് കോടി അഞ്ചുലക്ഷത്തി തൊണ്ണൂറ്റിയെട്ടായിരത്തി മുന്നൂറ്റി ഒൻപത് രൂപാ മാത്രം) രൂപ അനുവദിച്ചിട്ടുണ്ട്. |
| ബി) | ഏതൊക്കെ റോഡുകൾക്ക് വേണ്ടിയാണ് തുക അനുവദിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ ; | ബി) | ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |
| സി) | ഏതൊക്കെ റോഡുകളുടെ നിർമ്മാണം പൂർത്തിയായെന്നും ഇപ്രകാരം എന്തു തുക ചെലവഴിച്ചു എന്നും വ്യക്തമാക്കാമോ ; | സി) | സൗത്ത് കൊടുവള്ളി അച്ചപൊയിൽ റോഡ് പ്രവൃത്തി പൂർത്തീകരിച്ച് ബില്ല് സമർപ്പിച്ചിട്ടുണ്ട്. ശേഷിക്കുന്നവയിൽ 113 റോഡുകളുടെ പ്രവൃത്തി നടന്നുകൊണ്ടിരിക്കുകയാണ്. |
| ഡി) | പണി പൂർത്തീകരിക്കാത്ത എത്ര പ്രവൃത്തികൾ ഉണ്ടെന്നും എങ്കിൽ അതിന്റെ കാരണമെന്താണെന്നും വ്യക്തമാക്കാമോ; | ഡി) | 242 പ്രവർത്തികളിൽ ഒരു പ്രവൃത്തിയുടെ ഭരണാനുമതി റദ്ദാക്കിയതും 3 പ്രവൃത്തികളിൽ വേണ്ടത്ര വീതിയില്ലാത്തതുമാണ്. 125 പ്രവർത്തികൾ ആരംഭിച്ചിട്ടില്ല. കേന്ദ്ര ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പണി നടന്നുവരുന്നു. |
| ഇ) | പണി പൂർത്തീകരിച്ചിട്ടും പണം അനുവദിക്കുന്നതിൽ കാലതാമസം നേരിടുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ? | ഇ) | അധിക കേന്ദ്ര ധനസഹായം ലഭ്യമാകാത്തത് പണം അനുവദിക്കുന്നതിൽ കാലതാമസത്തിനിടയാക്കിയിട്ടുണ്ട്. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ